പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 5107

23.03.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ സമയം പുന:ക്രമീകരിക്കൽ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് : | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം ചൂടിന്റെ കാഠിന്യം നിമിത്തം പുന:ക്രമീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) യും വേനൽക്കാലം രൂക്ഷമായ സാഹചര്യത്തിൽ, കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം എൽക്കുന്ന സാഹചര്യമുള്ളതിനാൽ സംസ്ഥാനത്തി നുള്ളിൽ വെയിലത്ത് നിന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2018 ഫെബ്രുവരി 22 മുതൽ ഏപ്രിൽ 30 വരെ താഴെപ്പറയുന്ന രീതിയിൽ പുന:ക്രമീകരിച്ച് കൊണ്ട് 21.02.2018-ലെ ഇഎൻഎഫ് (2)/2216/2018നമ്പർ ഉത്തരവ് ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>ടി ഉത്തരവ് പ്രകാരം പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12:00 മണി മുതൽ 3:00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7:00 മണി മുതൽ വൈകുന്നേരം 7:00 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ടു മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. രാവിലെയും ഉച്ചയ്ക്കു ശേഷവും ഉള്ള മറ്റു ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12:00 മണിക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3:00 മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുമോ; വിവരിക്കുമോ? | |

Sreedas

സെക്ഷൻ ഓഫീസർ